**നാരായണേട്ടൻ ഒരു ദുഃഖസ്മരണ**

ഒരുപാട് ഓർമ്മകളും നൊമ്പരങ്ങളും ബാക്കി വെച്ച് നാരായണേട്ടൻ എന്നെ വിട്ട്പോയി .2013 ഫെബ്രുവരി 8 ന് രാത്രി 2 മണിക്ക് .ഹൃദയസംബന്ധമായ അസുഖത്തിന് ചികിൽസയിലായിരുന്നു.

ഒപ്പറേഷന് വേണ്ടി തിരുവനന്തപുരത്തേക്ക് പോകാൻ തിരുമാനിച്ചിരുന്നു.കഴിഞ്ഞമാസം പരിയാരത്ത് അത്യാസന്ന നിലയിലായിരുന്നു .ഡോക്ടർ അറിയിക്കേണ്ടവരെ അറിയിക്കാൻ പറഞ്ഞു. പക്ഷെ ജിവിതത്തിലേക്ക് തിരിച്ചുവന്നു അടുത്ത കാലത്ത് വളരെ സന്തോഷവാനായിരുന്നു.വിണ്ടും എന്തെങ്കിലും സംഭവിക്കുമെന്ന് നിനച്ചു.

കഴിഞ്ഞ ജനവരി അഞ്ചിന് ഞാൻ ഏട്ടന്റെ അടുത്ത് പോയി.ഉച്ച മുതൽ സന്ധ്യ വരെ ഏട്ടന്റെ അടുത്ത് ഉണ്ടായിരുന്നു.പല കാര്യങ്ങളേക്കുറിച്ചും സംസാരിച്ചു.മരിക്കുന്നതിന് പേടിയില്ല പക്ഷെ അത് ഉറക്കത്തിലായാൽ മതി എന്നേ അദ്ദേഹത്തിനുള്ളു. അറിഞ്ഞകൊണ്ട് എല്ലാവരേയും വിട്ടുപോകുന്നതിനുള്ള വിഷമം .മകന് 18 വയസാകുന്നത് വരെ ജിവിക്കണം .അവന് വണ്ടി വാങ്ങി കൊടുക്കണം.....പിന്നെ അവന്റെ കൂടെ യാത്ര ചെയ്യണം......................

ജോലിയിൽ വിട്ടുവിഴ്ചയില്ല.അതുകൊണ്ട് തന്നെ ശത്രുക്കളെ ഇഷ്ടം പോലെ സംമ്പാദിച്ചിട്ടുണ്ട്.
2006-07 ലെ മികച്ച ആരോഗ്യ പ്രവർത്തകനുള്ള സംസ്ഥാന അവാർഡ് നേടിയിരുന്നു.

ഞാൻ അദ്ദേഹത്തിന്റെ ആത്മവിശ്വാസം വിണ്ടെടുക്കാൻ ശ്രമം നടത്തി...അദ്ദേഹത്തിന്റെ മാനസികനിലയെ കുറ്റപ്പെടുത്തി...ജനിച്ചാൽ മരിക്കണം എങ്ങിനെയാണ് മരിക്കുന്നത് എന്ന് പറയാൻ കഴിയില്ല.അതിനാൽ അതോർത്ത് വിഷമിക്കേണ്ട കാര്യമില്ല. പക്ഷെ മരിക്കാൻ പേടിയില്ല....എന്തോ....എനിക്കുറക്കം വരുന്നില്ല.......രാവിലെ യാകുമ്പോളാണ് ഉറക്കം വരുന്നത്......ചിലപ്പോൾ ഓർമ്മക്കുറവ്......മരുന്നുകൾ ഉപയോഗിക്കേണ്ട വിധം ചുവരിൽ എഴുതി തൂക്കിയിട്ടിരിക്കുന്നു.....

`ഒരു പ്രത്യേക സാഹചര്യമാണ് രോഗിയാക്കിയത് എപ്പോഴും ഉൽകണ്ഠ. എത്ര പേർ പേസ് മേക്കർ വച്ച് ജിവിക്കുന്നു.....അവർക്കൊന്നും ഇല്ലാത്ത ഉൽകണ്ഠയെന്തിന്?കടപ്പുറത്തുനിന്ന് അവിടേക്ക് താമസം മാറ്റേണ്ട ആവശ്യമില്ലായിരുന്നു.അവിടം വിട്ട് തിരിച്ച് കടപ്പുറത്തേക്ക് വരുന്ന കാര്യം സംസാരിച്ചു ഇപ്പോഴത്തെ മൂല്യം അനുസരിച്ച് അവിടത്തെ സ്ഥലത്തിനും വീടിനും 60-70 ലക്ഷം രൂപ കിട്ടും ഓപ്പറേഷന് ഏകദേശം 10 ലക്ഷം ,14 ലക്ഷത്തിന് കടപ്പുറത്ത് ഒരു വീടും സ്ഥലവും വിൽപ്പനക്കുണ്ട് .അത് വാങ്ങാം .....ബാക്കി പൈസ ഉപയോഗിച്ച് ജീവിക്കാം.....അഭിപ്രായം കേട്ടു...അതിനേപറ്റി ആലോചിച്ചതാണ് രാഘവേട്ടനെ അതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.....ഭാര്യ എതിർക്കുന്നു......സമ്മർദ്ദത്തിലാണ്...........

ഭാര്യയും വീട്ടുകാർക്കും ഇത് ഇഷ്ടമല്ല....ഇങ്ങനെ പറിച്ച് നടൽ നടന്നാണ് വല്ലതും സംഭവിക്കുന്നതെങ്കിൽ.....കാർന്നോർ ആലോചിച്ച് കാണുമോ?..........9 ലക്ഷത്തോളം മുടക്കി ഓപ്പറേഷൻ നടത്തി എത്ര നാൾ...ജിവിച്ചിരിക്കും...പിന്നീട് എന്തെങ്കിലും സംഭവിച്ചാൽ.......ഇതേക്കുറിച്ച് ആലോചിച്ച് കാണുമോ?.....പണം ഡിപ്പാർട്ട്മെൻറിൽ നിന്ന് തിരികെ വാങ്ങാം..അതുകൊണ്ട് തന്നെ അഡ്ജസ്റ്റ് ചെയ്ത്

ഓപ്പറേഷൻ നടത്താവുന്നതേയുള്ളൂ...പക്ഷെ എന്തുകൊണ്ട് നീട്ടികൊണ്ടുപോയി...ആരു പറഞ്ഞാലും കേൾക്കുന്ന സ്വഭാവക്കാരനല്ല......തോന്നിയാലെ ചെയ്യൂ...(ഞാനും അങ്ങിനെ തന്നെ).................
പിന്നെ എന്നെ പറ്റി ചോദിച്ചു.എവിടെ സ്ഥിരതാമസനാക്കാൻ ഉദ്ദേശിക്കുന്നു.....എന്നൊക്കെ....

ഞാൻ പറഞ്ഞത്....കടപ്രം വിട്ട് പോകുന്നത് എനിക്ക് ഇഷ്ടമല്ല.ഒരു കടപ്രക്കാരനായി ജനിച്ച് കടപ്രക്കാരനായി മരിക്കാൻ ആഗ്രഹിക്കുന്നു.കടപ്പുറത്തെ പുഴയും കടലും എന്നും എനിക്ക് ആവേശമാണ് തോടുകളും കൈപ്പാടുകളും ..... കടല് കാണാതെ എനിക്കുറക്കം വരില്ല .എന്നാൽ ഇന്നൊ?ഒറ്റ തോടുപോലും കാൺമാനില്ല....പുഴയും തോടും മണ്ണിട്ട് മൂടുന്നു. കടപ്രം കടപ്രമല്ലാതാകുന്നു.........അത്യാർത്ഥിക്കാരുടെ എണ്ണം കൂടുന്നു....ഗ്രാമീണ നിഷ്കളങ്കത്വം

അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു.....വയലുകൾ അപ്രത്യക്ഷമാവുന്നു.......എങ്കിലും കടപ്പുറത്തേക്ക് തിരിച്ചുവരാൻ ഞാൻ പ്രേരിപ്പിച്ചു....

ഏകദേശം സന്ധ്യയോടെ പടന്നക്കടവ് വഴി ഞാൻ കടപ്പുറത്ത് എത്തി.........ഇനി എന്ത് ചെയ്യാൻ...അദ്ദേഹത്തിന്റെ ആത്മാവിന് വേണ്ടി പ്രാർത്ഥിക്കാം....അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ സഫലമാക്കാൻ ശ്രമിക്കാം.....


പി.രാജൻ

വലിയപറമ്പ്

ഫോൺ-8547458474